# Ephphatha in‘ Spiritualforesight’

## ആത്മീയ ദീർഘദൃഷ്ടിയോട് - എഫഥാ (മത്താ : 13:45,46)




ദീഘദൃഷ്ടിയുള്ളവനു മാത്രമേ ക്ഷമയോടെ വിലപിടിപ്പുള്ളതിനെ കണ്ടെത്തുവാനും സ്വന്തമാക്കുവാനും കഴിയുകയുള്ളു. ദീഘദൃഷ്ടിയുള്ള ഒരു വ്യാപാരി താൻ കണ്ടെത്തിയ വിലയേറിയമുത്ത് സ്വന്തമാക്കുവാൻ ചെന്ന് തനിക്കുള്ളതൊക്കെയും വിറ്റ് അത് വാങ്ങി എന്ന് ഈ വചനഭാഗം വ്യക്തമാക്കുന്നു. നിത്യതയെ അഥവാ സ്വർഗ്ഗരാജ്യത്തെ ദീഘദൃഷ്ടിയോടെ കാണുന്ന ഒരു വ്യക്തിയ്ക്കു മാത്രമേ ആത്മീയ ദീർഘദൃഷ്ടിയോടെ എഫഥാ എന്ന് പറയുവാൻ കഴിയുകയുള്ളു. ദൈവസാന്നിദ്ധ്യമാണ് നമ്മെ വിലയുള്ളതാക്കുന്നത്

മോണ്ട് ഗോമറി പ്രസിദ്ധിനേടിയ ഒരു സൈനീക ഉദ്യോഗസ്ഥനായിരുന്നു. ആഫ്രിക്കയിലും യൂറോപ്പിലും അദ്ദേഹത്തിന്റെ യുദ്ധതന്ത്രങ്ങൾ വൻവിജയം കണ്ടെത്തി. ഫീൽഡ്മാർഷൽ പദവി അദ്ദേഹത്തിന് ലഭിക്കുകയും ചെയ്തു. ദീർഘദൃഷ്ടിയോടെ കാര്യങ്ങൾ കാണുന്ന അദ്ദേഹം തന്റെ കീഴിലുള്ള പട്ടാളക്കാരോടൊപ്പം ജീവിക്കുകയും അവരുടെ ജീവനേയും ജീവിതത്തേയും ശ്രദ്ധിക്കുകയും ചെയ്തിരുന്നു. ഒരുദിവസം ഒരു പട്ടാളക്കാരനോട് “താങ്കളുടെ കൈവശമുള്ള ഏറ്റവും വിലപ്പെട്ട സമ്പാദ്യം ഏതെന്ന്” ? ചോദ്യത്തിന് അയാൾ തന്റെ കൈവശമുള്ള തോക്ക് കാട്ടി ഇതാണെന്ന് മറുപടി പറഞ്ഞു. തന്റെ പട്ടാളക്കാരെ കൂട്ടിവരുത്തി അദ്ദേഹം അവരോട് ഇതേപ്പറ്റി സംസാരിച്ചു. നമ്മുടെ ജീവനെ സംരക്ഷിക്കുന്ന ഒരു ഉപകരണം മാത്രമണ് തോക്ക്. നമ്മുടെ ജീവിതമാണ് ഏറ്റവും വിലയുള്ളത്. ജീവനും ജീവിതവും വിലയുള്ളതാക്കുന്നത് ദൈവം പകർന്നുതന്ന ആത്മാവാ

ണ്. ദീർഘദൃഷ്ടിയുള്ളവരായി അതിനെ നേടുക, നിത്യതയ്ക്ക വകാശികളായിത്തീരുക. കൂടാതെ നമ്മാലാവോളം മറ്റൊരാത്മാവിനെ കൂടി വിലയുള്ളതാക്കുവാനും ശ്രമിക്കണം.

തിരുവചനത്തിലെ ചില ഉദാഹരണങ്ങൾ ശ്രദ്ധിയ്ക്കാം. ദീർഘദൃഷ്ടിയില്ലാത്ത ഹവ്വാ ദൈവം നൽകിയ നിർദ്ദേശം ( ഉല്പ):2:17) മറക്കുകയും പഴത്തിന്റെ ഭംഗി ആസ്വദിച്ച് പറിച്ച് അവർ ഒരുമിച്ച് ഭക്ഷിച്ചപ്പോൾ ആത്മീയകണ്ണ് കുരുടാകയും ദൈവ സാന്നിദ്ധ്യം നഷ്ടമാകുകയും ചെയ്തു. കൂടാതെ ഏദനിലെ സകല നന്മകളും ആദാമിനും ഹവ്വയ്ക്കും നഷ്ടമായി. ദീർഘദൃഷ്ടിയുടെ കണ്ണ് കുരുടായതാണ് ഈ നഷ്ടങ്ങൾക്ക് കാരണമായത്. കൂടാതെ ശാപത്തിന് അടിമകളാക്കുകയും ചെയ്തു. (ഉല്പ : 3 : 3 - 6,23,24)

ദീർഘദൃഷ്ടിയോടെയാണ് ക്ഷാമകാലത്ത് ശമര്യയിൽ സംഭവിക്കുവാൻ പോകുന്ന മാറ്റത്തെ പ്പറ്റി എലീശ പ്രവചിച്ചത് . ദീർഘദൃഷ്ടി കുരുടായ അകമ്പടി നായകൻ ദൈവ
പുരുഷനെ പരിഹസിച്ച് സംസാരിച്ചു. അതിനുള്ള ശിക്ഷയും അവൻ വാങ്ങി. (2 രാജ : 7 : 1-2, 20)
ആരാം രാജാവിന്റെ സൈന്യാധിപനെ കണ്ട എലീശയുടെ ദീർഘദൃഷ്ടിയുടെ
ഫലമായി അദ്ദേഹം കരഞ്ഞു . ആ മനുഷ്യനിലെ ക്രൂരതയും, അവന്റെ പ്രവർത്തിയുടെ
ഫലം അനുഭവിക്കുന്ന രാജാവിനെയും ജനത്തെയും ഓർത്താണ് പ്രവാചകൻ കരഞ്ഞത്. (2 രാജ :8:9-15)

നമ്മുടെ ആവശ്യങ്ങളോടും പ്രതികൂലങ്ങളോടും ന്യായവിധിയോടും എഫഥാ പറഞ്ഞ യേശു ചെയ്ത അത്ഭതങ്ങളും അടയാളും ദീർഘദൃഷ്ടിയോട് കൂടെത്തന്നെ ആയിരുന്നു. കാനാവിലെ കല്യാണവീട്ടിലെ വീഞ്ഞിന്റെ പോരായ്മ കൽപ്പാത്രങ്ങളിൽ നിറച്ച വെള്ളം വിളമ്പിയപ്പോൾ എങ്ങനെ മാറി ? ജനത്തിന്റെ നാവ് ദൈവീക ദീർഘദൃഷ്ടിയുടെ രുചി ആസ്വദിച്ചു.
(യോഹ : 2:1-11)
ഈ വിഷയത്തെപ്പറ്റി പഠിച്ച എന്നെ ഏറ്റവും അത്ഭുതപ്പെടുത്തിയ ഒരു സംഭവമാണ് മർക്കോ 11:1-3 വരെയുള്ള ഭാഗവും, മത്താ :26:6-12 വരെയുള്ള ഭാഗവും എല്ലാം മുന്നമേ അറിയുവൻ യെറുശലേം നഗരത്തെ നോക്കി വിലപിച്ചു (ലൂക്കോ :19:41-44)

കർത്താവിന്റെ കണ്ണുകൾ കാണുന്നവിധം തന്നെ A.D 70 ൽ തീത്തോസ് കൈസർ യെറുശലേമിനെ തീക്കിരയാക്കി നശിപ്പിച്ചു, യഹൂദന്മാരെ ഭിന്നിപ്പിച്ചു. ന്യായവിധി ആദ്യമായി ദൈവത്തിന്റെ ഭവനത്തിൽ നിന്നു തന്നെ തുടങ്ങുന്ന കാലമാകുന്നു ഇത്. സംഭവിപ്പാൻ പോകുന്നത് കാണും വിധം നമ്മുടെ കണ്ണുകൾ തുറക്കപ്പെട്ടാൽ വളരെ ഗുണകരമാകും.

പ്രീയ ദൈവ പൈതലേ, നിന്റെ കണ്ണുകൾ തുറക്കപ്പെടട്ടെ. തുടർന്ന് സംഭവിക്കുവാൻ പോകുന്നത് നിന്റെ കണ്ണുകൾ കാണട്ടെ. നിത്യതയെ നിന്റെ കണ്ണുകൾ കാണട്ടെ. നിത്യ സന്തോഷമോ നിത്യ വേദനയോ ഏത് വേണമെന്ന് ഇന്നുതന്നെ തീരുമാനിക്കുക. സമയം പാഴാക്കരുതേ. യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് തുറക്കപ്പെട്ട കണ്ണുകളോട് നിത്യ സന്തോഷത്തെ നോക്കി

ആനന്ദത്തോട് നടക്കുവാൻ ദൈവം കൃപചെയ്യട്ടെ. പ്രിയ കുഞ്ഞുങ്ങളെ നിങ്ങളുടെ കണ്ണുകൾ ആത്മീയ ദീർഘദൃഷ്ടിയുള്ളതാകട്ടെ! എഫഥാ! എന്ന് ഉച്ചരിക്കുക.

*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg